**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3392** **11-03-2025 - ൽ മറുപടിയ്ക്ക്**

**ഭൂമി പതിച്ചു കൊടുക്കൽ (ഭേദഗതി) ബില്ലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 2023 ലെ കേരള ഭൂമി പതിച്ചുകൊടുക്കൽ (ഭേദഗതി) ബില്ലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കുമോ; | (എ) | 1960-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചു കൊടുക്കൽ ആക്റ്റ് പ്രകാരം പതിച്ചു നൽകപ്പെട്ട ഭൂമി പതിച്ചു നൽകിയ ആവശ്യങ്ങൾക്കു മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ. എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഭൂമി പതിച്ചു വാങ്ങിയ ആളുകൾ കഴിഞ്ഞ 60 വർഷത്തോളമായി പതിച്ചു നൽകിയ ആവശ്യങ്ങൾക്കല്ലാതെ ഭൂമി ഉപയോഗിച്ചിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. കൂടാതെ പതിച്ചു വാങ്ങിയവർ പട്ടയ വ്യവസ്ഥകൾ ലംഘിച്ചതായും ശ്രദ്ധയിൽപ്പെട്ടിരുന്നു.<br><br>ഇടുക്കി ജില്ലയിലെ, മൂന്നാർ മേഖലയിൽ അനധികൃത ഭൂമി കൈയ്യേറ്റവുമായി ബന്ധപ്പെട്ട വിവിധ കേസുകൾ പരിഗണിച്ച വേളയിൽ വിവിധ വകുപ്പുകളിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം നേടിയശേഷം മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നുള്ളൂവെന്ന് ബന്ധപ്പെട്ട വകുപ്പുകൾ ഉറപ്പു വരുത്തേണ്ടതാണെന്ന് ബഹു. ഹൈക്കോടതി ഉത്തരവിടുകയുണ്ടായി. അതിനെ തുടർന്ന് പ്രസ്തുത പ്രദേശത്ത് നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ NOC നിർബന്ധമാണ്.<br><br>ഇപ്രകാരം സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് ഹൈക്കോടതി വിധിക്കനുസൃതമല്ലായെന്ന് ആരോപിച്ചുകൊണ്ട് ബന്ധപ്പെട്ട കക്ഷികൾ വീണ്ടും ഹൈക്കോടതിയെ സമീപിക്കുകയും ആയത് പരിഗണിച്ച ബഹു. ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം നിർമ്മാണ പ്രവർത്തനത്തിന് റവന്യൂ വകുപ്പിന്റെ NOC ഇടുക്കി ജില്ലയിൽ ആകെ ബാധകമാക്കുകയും തുടർന്ന് ബഹു. ഹൈക്കോടതി തന്നെ ഇത് സംസ്ഥാനത്തിനാകമാനം ബാധകമാക്കി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു . ഇത് ബഹു സുപ്രീം കോടതിയും ശരിവച്ചു . പതിച്ചു കൊടുക്കുന്ന ഭൂമിയിൽ പതിച്ച് കൊടുക്കുന്ന |

| | | | |
|---|---|---|---|
| | | | ആവശ്യത്തിനല്ലാതെയുള്ള വിനിയോഗങ്ങൾ ക്രമപ്പെടുത്തി നൽകുന്നത് ഒരു സാമൂഹ്യ ആവശ്യമായി വന്ന സാഹചര്യത്തിലാണ് ആക്ടിൽ ഭേദഗതി വരുത്താൻ തീരുമാനിച്ചത് |
| (ബി) | 2023 ലെ കേരള ഭൂമി പതിച്ചുകൊടുക്കൽ (ഭേദഗതി) ആക്ട് നിലവിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണെന്ന് അറിയിക്കുമോ; | (ബി) | ഉണ്ട് 07.06.2024 ലെ 01 / leg B2/2023/ Law നമ്പർ ഉത്തരവ് പ്രകാരം 2023 ലെ കേരള ഭൂമി പതിച്ചു കൊടുക്കൽ (ഭേദഗതി )ആക്ട് നിലവിൽ വന്നു . |
| (സി) | പ്രസ്തുത ആക്ടിനെ അടിസ്ഥാനപ്പെടുത്തി ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ? | (സി) | ചട്ട രൂപീകരണം സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ് . |

സെക്ഷൻ ഓഫീസർ